# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2323

08.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക്സബ്സിഡി

**ചോദ്യം**

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ
വ്യവസായവും വകുപ്പ് മന്ത്രി)

(എ) കൺസ്യൂമർഫെഡ് ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത് എന്ന് വിശദമാക്കാമോ; അവശ്യ വസ്തുക്കൾ മാർക്കറ്റ് നിരക്കിനേക്കാൾ കുറച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എ) വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ മാത്രം കൺസ്യൂമർഫെഡ് കാലാകാലങ്ങളിലായി നടത്തിവരുന്ന ഉൽസവകാല വിപണികളിലൂടെ ചുവടെ ചേർക്കുന്ന 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്തു വരുന്നു.

| | |
|---|---|
| 1 | ജയ അരി |
| 2 | കുറുവ അരി |
| 3 | കുത്തരി |
| 4 | പച്ചരി |
| 5 | പഞ്ചസാര |
| 6 | ചെറുപയർ |
| 7 | കടല |
| 8 | ഉഴുന്ന് |
| 9 | വൻപയർ |
| 10 | മല്ലി |
| 11 | തുവരപ്പരിപ്പ് |
| 12 | മുളക് |
| 13 | വെളിച്ചെണ്ണ |

പ്രസ്തുത നടപടിയിലൂടെ പൊതുവിപണിയിൽ നിന്നും 15 മുതൽ 50% വരെ വിലകുറയ്ക്കുന്നതിന് വ്യാപാരികൾ നിർബന്ധിതരാകുകയും തൻമൂലം പൊതുവിപണിയിൽ അനുഭവപ്പെട്ടിരുന്ന കൃത്രിമക്ഷാമം പോലെയുള്ള ദുഷ് പ്രവണതകൾ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വർഷം മുഴുവനും പ്രവർത്തിക്കുന്ന ത്രിവേണി, നന്മ സ്റ്റോറുകളിലൂടെ പൊതുവിപണിയിൽ നിന്നും കുറഞ്ഞ നിരക്കിൽ അവശ്യനിത്യോപയോഗ സാധനങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു.

(ബി) ഉപഭോക്താക്കൾക്ക് വാഹനങ്ങളിൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് ക്രമീകരിച്ചിരിക്കുന്ന സംവിധാനം വാഹനം കേട് വന്നത് മൂലം ഉപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഇല്ല. എന്നാൽ വാഹനങ്ങളുടെ ടെസ്റ്റ് വർക്കിനു വേണ്ടിയുള്ള അറ്റകുറ്റപ്പണികൾ, കൺസ്യൂമർഫെഡിന് അനുഭവപ്പെട്ട് വരുന്ന സാമ്പത്തിക മാന്ദ്യം മൂലം യഥാസമയം സ്റ്റോക്ക് ലഭ്യമാകുന്നതിൽ വന്ന കുറവുകൾ എന്നിവ കാരണം 69 മൊബൈൽ ത്രിവേണികൾ ഇപ്പോൾ താല്ക്കാലികമായി പ്രവർത്തനരഹിതമായിട്ടുണ്ട്. പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് ടി സംവിധാനം പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ വിൽപന ശാല നവീകരിക്കുന്നതിനും ഇവിടെ നിന്നുമുള്ള സഞ്ചരിക്കുന്ന വിൽപ്പന ശാല പുന:രാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോർ വിൽപ്പനശാല നവീകരിക്കുന്നതിന് നാളിതുവരെ തീരുമാനിച്ചിട്ടില്ലെങ്കിലും കൊണ്ടോട്ടിയിൽ നിന്നുള്ള സഞ്ചരിക്കുന്ന വിൽപ്പനശാല നടത്തുന്ന വാഹനത്തിന്റെ ടെസ്റ്റ് വർക്കിനു വേണ്ടിയുള്ള

അറ്റകുറ്റപ്പണികൾ
നടത്തുന്നതിനായി നടപടികൾ
കൈക്കൊണ്ടിട്ടുണ്ട്. ടെസ്റ്റ്
വർക്ക് പൂർത്തിയാക്കി
ഉടൻതന്നെ പ്രസ്തുത
വിൽപ്പനശാല
പുനരാരംഭിക്കുന്നതിന് നടപടി
സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ